STATE INSTITUTE OF TECHNICAL TEACHERS TRAINING & RESEARCH
Department of Technical Education, Govt. of Kerala
HMT Junction, Kalamassery, Kochi – 683 104
E-mail: jd@sitttrkerala.ac.in, sitttr@gmail.com, jd_cdc@yahoo.com
Phone & Fax: 0484 2542355
Website: www.sitttrkerala.ac.in

No.P3/649/2018 Dt. 28.07.2018

# പോളിടെക്നിക് പ്രവേശനം – സ്പോട്ട് അഡ്മിഷൻ സംബന്ധിച്ച അറിയിപ്പ്

**സംസ്ഥാനത്തെ വിവിധ പോളിടെക്നിക്കുകളിൽ അവസാന അലോട്ട്മെന്റിലെ പ്രവേശനത്തിനുശേഷം നിലനിൽക്കുന്ന ഒഴിവുകളിലേക്ക് അതാതു പോളിടെക്നിക് കോളേജുകളിൽ വച്ച് 31.07.2018, 01.08.2018 എന്നീ തീയതികളിൽ സ്പോട്ട് അഡ്മിഷൻ നടത്തുന്നു.**

1. സ്പോട്ട് അഡ്മിഷനിൽ താഴെ പറയുന്ന അപേക്ഷകർക്ക് പങ്കെടുക്കാവുന്നതാണ്.
   a. പോളിടെക്നിക് പ്രവേശന റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുകയും ഇതുവരെ അലോട്ട്മെന്റ് ലഭിക്കാതിരുന്നവരും.
   b. നിലവിൽ അഡ്മിഷൻ ലഭിച്ച് വിവിധ സ്ഥാപനങ്ങളിൽ ചേർന്നിട്ടുള്ളവർ.
   c. നാലാമത്തെ ലിസ്റ്റിൽ ആദ്യമായി അലോട്ട്മെന്റ് ലഭിച്ച് പ്രവേശനം നേടാതിരുന്നവർ.
   d. വിവിധ അലോട്ട്മെന്റുകളിൽ പ്രവേശനം എടുക്കാതെ ഉയർന്ന ഓപ്ഷൻ നിലനിർത്തുകയും നാലാമത്തെ അലോട്ട്മെന്റിൽ തൃപ്തികരമായ ബ്രാഞ്ചുകൾ ലഭിക്കാതിരിക്കുകയും ചെയ്തവർ.
2. നിലവിൽ അഡ്മിഷൻ പ്രക്രിയയിൽ നിന്നും പുറത്തായവർക്ക് സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.
3. ഓരോ സ്ഥാപനങ്ങളിലും നില നിൽക്കുന്ന ഒഴിവുകളും സ്പോട്ട് അഡ്മിഷൻ തീയതിയും പങ്കെടുക്കാൻ അർഹതയുള്ളവരുടെ റാങ്ക് വിവരവും അതാതു സ്ഥാപനങ്ങളിൽ നിന്ന് അറിയാവുന്നതാണ്.
4. സ്പോട്ട് അഡ്മിഷനിൽ അർഹരായ അപേക്ഷകർ അവർ പ്രവേശനം ആഗ്രഹിക്കുന്ന സ്ഥാപനത്തിൽ രാവിലെ 8 നും 12 നും ഇടയ്ക്കുള്ള സമയത്ത് അസ്സൽ സർട്ടിഫിക്കറ്റുകളുമായി വന്ന് രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതും അതിനെതുടർന്നുള്ള അഡ്മിഷൻ പ്രക്രിയയിൽ പങ്കെടുക്കേണ്ടതുമാണ്. അന്നേദിവസം 12 മണിക്കുശേഷം വരുന്ന അപേക്ഷകരെ യാതൊരു കാരണവശാലും രജിസ്റ്റർ ചെയ്യുന്നതിനോ തുടർന്നുള്ള അഡ്മിഷൻ പ്രക്രിയയിൽ പങ്കെടുക്കുന്നതിനോ അനുവദിക്കുന്നതല്ല. സ്പോട്ട് അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ടുന്ന സർട്ടിഫിക്കറ്റുകൾ താഴെ പറയുന്നവയാണ്.
   **യോഗ്യത സർട്ടിഫിക്കറ്റ്, ITI/THSLC/VHSE, ജാതി, വരുമാനം, നേറ്റിവിറ്റി മറ്റു സ്പെഷ്യൽ റിസർവ്വേഷൻ എന്നിവയിൽ അപേക്ഷകന് ബാധകമായവ.**
5. നിലവിൽ പോളിടെക്നിക് കോളേജിൽ പ്രവേശനം നേടിയവർ പ്രവേശനം ലഭിച്ച സ്ഥാപനത്തിലെ അഡ്മിഷൻ സ്ലിപ്പ് ഹാജരാക്കേണ്ടതാണ്.
6. പ്രവേശനം ലഭിക്കുന്ന അന്നേ ദിവസം തന്നെ നിശ്ചിത ഫീസടച്ച് പ്രവേശനം നേടേണ്ടതാണ്.
7. ടി.സി. കൈവശമില്ലാത്തവർക്ക് അത് ഹാജരാക്കുന്നതിനായി 03.08.2018 വരെ സമയം അനുവദിച്ചു തരുന്നതാണ്.
8. അപേക്ഷകന് നേരിട്ട് സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുവാൻ സാധിക്കുന്നില്ലായെങ്കിൽ നിശ്ചിത ഫോമിൽ (Annexure XVI) പ്രോക്സിയെ ചുമതലപ്പെടുത്താവുന്നതാണ്.

ജോയിന്റ് ഡയറക്ടർ

JOINT DIRECTOR

STATE INSTITUTE OF TECHNICAL TEACHERS TRAINING & RESEARCH, KALA...